



കൊച്ചി സർവകലാശാല സ്കൂൾ ഓഫ് എൻജിനീയറിങ് സന്ദർശിച്ച എഐസിടിഇ ചെയർമാൻ പ്രഫ.ടി.ജി.സീതാറാം വിദ്യാർഥികളുമായി ആശയ വിനിമയം നടത്തുന്നു. ഡോ.വി. മീര, ഡോ.പി.ജി. ശങ്കരൻ, ഡോ.കെ.എൻ. മധുസൂദനൻ, പ്രഫ.ദീപക് കുമാർ സാഹു എന്നിവർ സമീപം.

# ‘എൻജിനീയറിങ് വിദ്യാഭ്യാസത്തിൽ ഇന്റേൺഷിപ്പിനു കൂടുതൽ പ്രാധാന്യം നൽകണം’

കളമശേരി ● എൻജിനീയറിങ് വിദ്യാഭ്യാസത്തിൽ ഇന്റേൺഷിപ്പിനു കൂടുതൽ പ്രാധാന്യം നൽകണമെന്നും കോർ ബ്രാഞ്ചുകളിൽ ഇതു ജോലിസാധ്യത കൂട്ടുമെന്നും ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എജ്യുക്കേഷൻ (എഐസിടിഇ) ചെയർമാൻ പ്രഫ.ടി.ജി.സീതാറാം അഭിപ്രായപ്പെട്ടു. നൈപുണ്യ വികസനത്തിന് ഊന്നൽ നൽകണമെന്നും ഇന്റർ ഡിസിപ്ലിനറി കോഴ്സുകൾ കൂടുതൽ തുടങ്ങണമെന്നും പ്രഫ.ടി.ജി.സീതാറാം പറഞ്ഞു. കൊച്ചി സർവകലാശാല സ്കൂൾ ഓഫ് എൻജിനീയറിങ് സന്ദർശിച്ച എഐസിടിഇ ചെയർമാൻ വിദ്യാർഥികളും അധ്യാപകരുമായി ആശയ വിനിമയം നടത്തി.

വൈസ്ചാൻസലർ പ്രഫ. കെ.എൻ. മധുസൂദനൻ അധ്യക്ഷത വഹിച്ചു. റജിസ്ട്രാർ ഡോ.വി. മീര പ്രോ വൈസ്ചാൻസലർ ഡോ.പി.ജി. ശങ്കരൻ, സ്കൂൾ ഓഫ് എൻജിനീയറിങ് പ്രഫസർ ഡോ.ജി. മധു, പ്രിൻസിപ്പൽ പ്രഫ. ദീപക് കുമാർ സാഹു എന്നിവർ പ്രസംഗിച്ചു.